**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *226.** **15.07.2016 ന് മറുപടിയ്ക്ക്**

**മദ്യ ഉപഭോഗത്തിൽ വന്ന മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഐ.ബി. സതീഷ്<br>,, ബി.സത്യൻ<br>,, എം. സ്വരാജ്<br>,, എ. എൻ. ഷംസീർ : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ബാറുകൾ, ബിയർ-വൈൻ പാർലറുകളാക്കി മാറ്റിയതിനു ശേഷം മദ്യ ഉപഭോഗത്തിൽ വന്ന മാറ്റം അവലോകനം ചെയ്തിരുന്നോ; വിശദാംശം അറിയിക്കാമോ; | (എ) | ബാറുകൾ, ബിയർ/വൈൻ പാർലറുകളാക്കി മാറ്റിയതിനു ശേഷം മദ്യ ഉപഭോഗം സംബന്ധിച്ച കണക്കുകൾ വിശകലനം ചെയ്തതിൽ 2014-15 ലെ അബ്കാരി നയം നിലവിൽ വന്ന ശേഷം, അതിനു മുമ്പുള്ള വർഷങ്ങളെ അപേക്ഷിച്ച് മദ്യ വില്പനയിൽ കുറവാണ് കാണുന്നത്. 2013-14 ൽ ബിവറേജസ് കോർപ്പറേഷൻ 240.67 ലക്ഷം കെയ്സ് മദ്യം വിറ്റഴിച്ചുവെങ്കിൽ 2014-15 ൽ ആയതിന്റെ വിൽപ്പന 220.58 ലക്ഷം കെയ്സുകളായി കുറയുകയാണുണ്ടായത്. 2014-15 ൽ തൊട്ടുമുൻ വർഷത്തെ അപേക്ഷിച്ച് 20.09 ലക്ഷം കെയ്സുകളുടെ അതായത് 8% കുറവാണുണ്ടായത്. അതുപോലെ 2015-2016 വർഷത്തിൽ 2014-15 നെ അപേക്ഷിച്ച് 18.83 ലക്ഷം കെയ്സുകളുടെ അതായത് 9% കുറവാണുണ്ടായത്. എന്നാൽ കോർപ്പറേഷന്റെ ബിയർ വിൽപ്പനയിൽ ഗണ്യമായ വർധനവാണ് ഇക്കാലയളവിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 2015-16 ൽ കോർപ്പറേഷൻ 154.20 കെയ്സ് ബിയറാണ് വിറ്റഴിച്ചത്. തൊട്ടു മുൻ വർഷമായ 2014-15 -ൽ വിറ്റഴിക്കപ്പെട്ട 96.59 ലക്ഷം കെയ്സുകൾ എന്നതിന്മേൽ 58.61 ലക്ഷം കെയ്സുകളുടെ അതായത് 61% വർദ്ധനവാണ് 2015-16 ൽ ബിയർ വിൽപ്പനയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | മദ്യോല്പാദനത്തിന്റേയും ഉപഭോഗത്തിന്റേയും അടിസ്ഥാനത്തിൽ, മദ്യ ലഭ്യത കുറയ്ക്കുക എന്ന പ്രഖ്യാപനം ഫലപ്രദമായി നടപ്പിലാക്കാൻ മുൻ സർക്കാരിന് സാധിച്ചോ എന്ന് വ്യക്തമാക്കാമോ; | (ബി) | അബ്കാരി നയപ്രകാരം ബിവറേജസ് കോർപ്പറേഷന്റേയും കൺസ്യൂമർഫെഡിന്റെയും ഉടമസ്ഥതയിലുള്ള 10% മദ്യ വിൽപ്പനശാലകൾ വർഷം തോറും നിർത്തലാക്കുന്നതിന്റെ ഭാഗമായി ആകെയുണ്ടായിരുന്ന 384 മദ്യ വില്പനശാല കളിലെ 78 മദ്യവിൽപ്പന ശാലകൾ 2014-15 ലും, 2015-16 നും ഇടയിലുള്ള കാലയളവുകളിൽ അടച്ചുപൂട്ടുകയുണ്ടായി. ഇക്കാലയളവിൽ ബിവറേജസ് കോർപ്പറേഷന്റെ വിദേശമദ്യ വിൽപ്പനയിൽ 38.92 ലക്ഷം കെയ്സുകളുടെ കുറവും (2013-14 വർഷത്തെ അപേക്ഷിച്ച് 2014-15 വർഷത്തിൽ 8% ഉം 2014-15 വർഷത്തെ അപേക്ഷിച്ച് 2015-16 ൽ 9% കുറവ്) ബിയർ വിൽപ്പനയിൽ 58.61 ലക്ഷം കെയ്സുകളുടെ വർധനവുമാണ് (2014-15 വർഷത്തെ അപേക്ഷിച്ച് 2015-16 ൽ 61% വർദ്ധനവ്) രേഖപ്പെടുത്തിയിട്ടുള്ളത്.<br>മേൽപ്പറഞ്ഞ കണക്കുകൾ പ്രകാരം മദ്യോല്പാദനത്തിന്റേയും ഉപഭോഗത്തിന്റേയും അടിസ്ഥാനത്തിൽ, മദ്യ ലഭ്യത കുറയ്ക്കുക എന്ന പ്രഖ്യാപനം ഫലപ്രദമായി നടപ്പിലാക്കാൻ മുൻ സർക്കാരിന് കഴിഞ്ഞിട്ടില്ല എന്നാണ് വിലയിരുത്തുന്നത്. |
| (സി) | കഞ്ചാവ് അടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ ഉപഭോഗത്തിൽ ഇക്കാലയളവിൽ വന്ന മാറ്റം പരിശോധനാ വിധേയമായി ട്ടുണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ ? | (സി) | കഞ്ചാവ് ഉടങ്ങിയ ലഹരി പദാർത്ഥങ്ങൾ ഉൾപ്പെട്ട കേസു കളുടെ എണ്ണത്തിൽ വൻ വർദ്ധനവുണ്ടായിട്ടുണ്ട്. എക്സൈസ് വകുപ്പ് 2013-14 കാലഘട്ടത്തിൽ 860 കേസുകൾ മാത്രം കണ്ടെത്തിയപ്പോൾ 2014-15 ൽ 1021 കേസുകളും 2015-16 വർഷത്തിൽ 1704 കേസുകളും കണ്ടെത്തിയിട്ടുണ്ട്.<br>കേസുകൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# Details of NDPS cases during the months of 2016 April & May

| Period | No of cases | Name of Drug & Quantity seized (Kg) | | | | | | | | | | | | | | No of vehicle seized |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | Ganja (Kg) | Ganja Beedi | Ganja Plants | Buprenorphine (Amp) | Brown Sugar (Kg) | Hashish Oil | Nitrazepam (Tab) | Diazapam Injuction (Amp.) | Charas (Kg.) | Phenergon (Amp) | Opium (Kg) | LSD (Gm.) | Lorazepa (Tab) | Heroine | |
| 2016 April | 238 | 93.13 | 3 | 29 | 70 | 0.007 | 14.17 | | | 0.032 | | | | 12 | | 40 |
| 2016 May | 139 | 96.54 | | 7 | | 0.005 | 0.1097 | 55 | | | | | 0.09 | | 0.004 | 40 |

അനുബന്ധം - I

# DETAILS OF NDPS CASES

| Year | No of cases | Name of Drug & Quantity seized (Kg) | | | | | | | | | | | No of vehicle seized |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | Ganja (Kg) | Ganja Plant (Nos.) | Hashish Oil (Kg.) | Ampoules (Nos.) | Heroine (Kg.) | Brown Sugar (Kg) | Opium (Gm.) | Diazapam (Kg.) | Amphetamine (Kg) | Charas (Kg.) | Others (Specify) | |
| LAST ONE YEAR NDPS CASE DETAILS BEFORE CLOSING OF BAR HOTELS | | | | | | | | | | | | | |
| 2013-14 | 860 | 1170.77 | 65 | 6.384 | 1718 | 0.0325 | 0.14911 | 1.131 | | | | | 121 |
| LAST ONE YEAR NDPS CASE DETAILS AFTER CLOSING OF 418 BAR HOTELS ON 31.03.2014 | | | | | | | | | | | | | |
| 2014-15 | 1021 | 617.886 | 5 | 0.222 | 1072 | 1.071 | 0.0283 | 0.313 | | | 0.218 | Codine - 1.516, Notrosepam (Tab) - 57 | 192 |
| LAST ONE YEAR NDPS CASE DETAILS AFTER CLOSING OF REMAINING 294 BAR HOTELS ON 31.03.2015 (TOTAL BAR HOTELS CLOSED 712) | | | | | | | | | | | | | |
| 2015-16 | 1704 | 953.653 | 823 | 7.358 | 1631 | 1.48 | 1.68545 | 0.05 | | | | Codine - 2, Notrosepam (Tab) - 822 | 303 |

നോട്ടീസ് ഓഫീസർ